തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494-2631230

**നം. 1300/എം.ഫിൽ/2019/പ.വി** **തീയതി: 17/06/2021**

# എം.ഫിൽ പ്രോഗ്രാമുകളിലേക്കുള്ള വിജ്ഞാപനം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലയുടെ പണ്ഡിതസഭയുടെയും നിർവാഹ കസമിതിയുടെയും അംഗീകാരത്തോടെ 2021-22 അദ്ധ്യയനവർഷം ആരംഭിക്കുന്ന താഴെപ്പറയുന്ന എം. ഫിൽ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം.

1 എം. ഫിൽ. താരതമ്യസാഹിത്യപഠനം

2 എം. ഫിൽ. വിവർത്തനപഠനം

- ഓരോ പ്രോഗ്രാമുകളിലും പരമാവധി മൂന്ന് പേർക്കാണ് പ്രവേശനം നൽകുക. (പ്രവേശനത്തിൽ സർക്കാർ അംഗീകരിച്ച സംവരണക്രമം പാലിക്കപ്പെടും)
- രണ്ട് സെമസ്റ്ററുകളിലായി ഒരു വർഷം ദൈർഘ്യമുള്ളതാണ് പ്രോഗ്രാം.
- എം. ഫിൽ. താരതമ്യസാഹിത്യപഠന പ്രോഗ്രാമിൽ പ്രവേശനം നേടുന്നതിന് ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽനിന്ന് ഭാഷാസാഹിത്യത്തിലോ താരതമ്യസാഹിത്യത്തിലോ 55% മാർക്കോടെ (തത്തുല്യ ഗ്രേഡോടെ) നേടിയ ബിരുദാനന്തര ബിരുദമായിരിക്കും അടിസ്ഥാന യോഗ്യത. മലയാളഭാഷയിലുള്ള പ്രാവീണ്യം നിർബന്ധമാണ്.
- എം. ഫിൽ. വിവർത്തനപഠന പ്രോഗ്രാമിൽ പ്രവേശനം നേടുന്നതിന് ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽനിന്ന് 55% മാർക്കോടെ (തത്തുല്യ ഗ്രേഡോടെ) നേടിയ ബിരുദാനന്തരബിരുദമായിരിക്കും അടിസ്ഥാന യോഗ്യത. വിവർത്തനത്തിലുള്ള താൽപ്പര്യം അഭികാമ്യമായിരിക്കും. മലയാളഭാഷയിലുള്ള പ്രാവീണ്യം നിർബന്ധമാണ്.
- ഓരോ പ്രോഗ്രാമിനും അതത് വിഷയത്തിലുള്ള അഭിരുചി നിർണയിക്കുന്ന പ്രവേശനപ്പരീക്ഷ എഴുതേണ്ടതാണ്.
- സംവരണാനുകൂല്യത്തിന് അർഹതയുള്ളവർ അത് തെളിയിക്കുന്ന രേഖകൾ, നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ്, ബിരുദാനന്തര ബിരുദപരീക്ഷയുടെ മാർക്ക് ലിസ്റ്റ് എന്നിവയുടെ അസ്സൽ പ്രവേശനസമയത്ത് ഹാജരാക്കണം. അപേക്ഷയിൽ നൽകിയ മാർക്കും ഹാജരാക്കുന്ന മാർക്കും തമ്മിൽ വ്യത്യാസം ഉണ്ടാകരുത്.
- മലയാളസർവ്വകലാശാലാ ആസ്ഥാനമായിരിക്കും പരീക്ഷാകേന്ദ്രം.
- അപേക്ഷാ ഫീസ് : **550/- രൂപ**

  എസ്.സി/എസ്.ടി/ഭിന്നശേഷി വിഭാഗക്കാർക്ക് **200/- രൂപ**

മലയാളസർവ്വകലാശാലയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ: 32709117532, എസ്.ബി. ഐ. തിരൂർ ടൗൺ ശാഖ IFS Code: SBIN0008678) പണമടച്ച് ബാങ്കിൽനിന്ന് ലഭിക്കുന്ന യു. ടി. ആർ./ജേർണൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ അപേക്ഷയിൽ നിർബന്ധമായും കാണിക്കണം.

- അപേക്ഷാഫോറം *www.malayalamuniversity.edu.in* എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഓൺലൈനായി അയക്കാം. അപേക്ഷകന്റെ ഫോട്ടോ, കയ്യൊപ്പ് എന്നിവ സ്കാൻ ചെയ്ത് ചേർക്കേണ്ടതാണ്.
- അപേക്ഷാഫീസ് 'തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല, തിരൂർ' എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് വെബ്സൈറ്റിൽനിന്നും പ്രിന്റെടുത്ത അപേക്ഷസഹിതം തപാൽ വഴിയും അയക്കാം.
- സർവ്വകലാശാലയിൽ നേരിട്ട് ഫീസടച്ചും അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- പ്രവേശനപരീക്ഷാതിയ്യതി പിന്നീട് അറിയിക്കുന്നതാണ്.
- ഗവേഷണാഭിരുചിയും അതത് വിഷയത്തിലുള്ള താത്പര്യവും പരിശോധിക്കുന്നതായിരിക്കും പ്രവേശനപരീക്ഷ. വിവരണാത്മക മാതൃകയിലുള്ള 100 മാർക്കിന്റെ ചോദ്യമായിരിക്കും ഉൾപ്പെടുത്തുക.
- അഭിരുചി പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അഭിരുചി പരീക്ഷയിൽ 40% മാർക്കെങ്കിലും നേടിയാൽ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ.
- അപേക്ഷ സമർപ്പിക്കേണ്ട അവസാനതിയ്യതി: **2021 ജൂലായ് 15**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല തിരൂർ മലപ്പുറം

പരീക്ഷാകൺട്രോളർ